# ഗവ. യു.പി.എസ്. കണിയാപുരം



# വിദ്യാബോധി

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 2026



# ഗവ. യു.പി.എസ്. കണിയാപുരം




## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 – 2026





# വിദ്യാബോധി



# വിദ്യാബോധി

കുട്ടികളുടെ വൈജ്ഞാനികവും വൈകാരികവും സർഗ്ഗാത്മകവും തുടങ്ങി സമഗ്രമായ വളർച്ചയും വികാസവും ലക്ഷ്യം വച്ചുകൊണ്ട് സമകാലിക വെല്ലുവിളികളെ അതിജീവിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. ഭൂതകാലത്തെ പോരായ്മകൾ പരിഹരിച്ച് വർത്തമാനകാലത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ഭാവിയിലേക്ക് മാറ്റി വയ്ക്കപ്പെടുന്ന പദ്ധതികളാണ് വിജയം കൈവരിക്കുന്നത്. ഇത്തരം ദീർഘവീക്ഷണങ്ങളുടെ ഏകോപനത്തിലൂടെ ജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഒത്തുയരുവാനും വിജയത്തിലേക്ക് കുതിക്കുവാനും കഴിയുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ഒരു നാടിന്റെ മുഴുവൻ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് ചിറക് വിടർത്തുന്ന ഈ സമ്പൂർണ്ണ “വിദ്യാഭ്യാസ” മാസ്റ്റർ പ്ലാൻ “വിദ്യാബോധി” നിങ്ങളുടെ ഏവരുടെയും വിലയേറിയ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.



# ഉള്ളടക്കം


| ക്രമ നമ്പർ | ഇനങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 4.5 |
| 2. | സ്കൂൾ ചരിത്രം | 7,8 |
| 3. | വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പരിമിതികൾ | 9 |
| 4. | നമ്മുടെ വിദ്യാലയത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് | 10 |
| 5. | ഉദ്ദേശ്യങ്ങൾ | 11 |
| 6. | പൊതുലക്ഷ്യങ്ങൾ | 12,13-15 |
| 7. | അക്കാദമിക പ്രവർത്തനങ്ങൾ നിലവിലെ അവസ്ഥ | 16 – 19 |
| 8. | ക്ലബ്ബ് പ്രവർത്തനങ്ങൾ | 20 – 24 |
| 9. | തനതു പ്രവർത്തനങ്ങൾ | 25-30 |
| 10. | മികവുകൾ – പഠനതെളിവുകൾ | 31 - 33 |
| 11. | അവസ്ഥാ വിശകലനം | 34-38 |
| 12. | നിലവിലുള്ള പ്രശ്നങ്ങൾ – പരിഹരിക്കാൻ ഉദ്ദേശിക്കുന്നവ | 39 |
| 13. | മാസ്റ്റർ പ്ലാൻ 2025 മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | 40 – 114 |
| 14. | അക്കാദമിക പ്രവർത്തനങ്ങൾ<br>▪ മേഖലകൾ<br>▪ പൊതുലക്ഷ്യങ്ങൾ<br>▪ പ്രവർത്തനങ്ങൾ<br>▪ കാലദൈർഘ്യം<br>▪ ചുമതല<br>▪ സാമ്പത്തികം<br>▪ വിലയിരുത്തൽ | |
| 15. | അനുബന്ധം – ചിത്രങ്ങൾ | |

# ആമുഖം

തിരുവനന്തപുരം ജില്ലയിൽ കണിയാപുരം ഉപജില്ലയിൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാതൃകാ സർക്കാർ വിദ്യാലയമാണ് കണിയാപുരം യു.പി.എസ്. ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന രണ്ടാമത്തെ യു.പി.സ്കൂൾ എന്നതിലുപരി മാതൃകാപരമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തെ മികവിന്റെ പാതയിൽ എത്തിച്ചിരിക്കുന്നു. കഴിഞ്ഞ വിദ്യാലയ വികസന പദ്ധതി പ്രകാരം അക്കാദമിക മികവിന് പ്രഥമ സ്ഥാനം ലഭിക്കുകയും, കലാ-കായിക-പ്രവർത്തി പരിചയ രംഗത്ത് വിസ്മയാവഹമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തതിന്റെ പിന്നിൽ പ്രവർത്തിച്ചത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പി.റ്റി.എ രക്ഷിതാക്കൾ, വിദ്യാഭ്യാസ സാമൂഹ്യ പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനകൾ, അധ്യാപകർ എന്നിവരുടെ കൂട്ടായ ശ്രമങ്ങളാണ് ചിട്ടയായ സ്റ്റാഫ് കൗൺസിൽ യോഗങ്ങൾ, പി.റ്റി.എ, എസ്.എം.സി, സി.പി.റ്റി.എ, എസ്.ആർ.ജി എന്നിവ സ്കൂളിന്റെ വികസനത്തിന് ജാഗ്രതയോടെ നിലകൊള്ളുന്ന ഓരോ വർഷവും വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ പ്രവർത്തനങ്ങൾ വിലയിരുത്തി സമഗ്രമായി പഠിച്ച് തദനുസൃതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പാക്കുവാൻ കഴിഞ്ഞുവെന്നത് നമ്മുടെ വിജയ രഹസ്യമാണ്.

കോവിഡാനന്തര കാലഘട്ടത്തിൽ മാനസികമായും വൈകാരികമായും പിന്തുണ ആവശ്യപ്പെട്ടും, സാമ്പത്തിക പരാധീനതകളാലുഴറിയും, മൊബൈൽഫോൺ ഉൾപ്പെടെയുള്ള ടെക്നോളജിയുടെ പ്രശ്നങ്ങളിൽപ്പെട്ടും, പഠനനേട്ടങ്ങളിൽ വിടവ് സംഭവിച്ചും നമ്മുടെ വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അവസര തുല്യത,

## കുട്ടികൾ നിലവിലെ എണ്ണം

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| I | 50 | 48 | 98 |
| II | 76 | 46 | 122 |
| III | 43 | 61 | 104 |
| IV | 69 | 71 | 140 |
| V | 99 | 97 | 196 |
| TOTAL | 337 | 323 | 660 |
| VI | 83 | 92 | 175 |
| VII | 98 | 83 | 181 |
| TOTAL | 181 | 175 | 356 |

## അധ്യാപകർ - നിലവിലെ അവസ്ഥ

| Designation | Nos. | Temp. Teachers |
|---|---|---|
| HM | 1 | |
| UP Teachers | 16 | |
| LP Teachers | 20 | 1 |
| Junior Hindi | 2 | |
| Junior Arab | 4 | |
| PT | 1 | |
| Pre-Primary Teacher | 6 | |
| PTCM | 1 | |
| Office Staff | 1 | |

# സ്കൂൾ ചരിത്രം

വിദ്യാലയം സ്ഥാപിച്ചവർഷം : 1895

ആദ്യത്തെ പ്രഥമ അധ്യാപകൻ : ശ്രീ. അച്യുതൻപിള്ള

തുടക്കത്തിൽ 4 അധ്യാപകരാണ് ഉണ്ടായിരുന്നത്. ഒരു കെട്ടിടത്തിൽ പ്രവർത്തിച്ച എൽ.പി. സ്കൂളായിരുന്നു. 4 ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും മാത്രമാണ് ഉണ്ടായിരുന്നത്. മത്സ്യബന്ധനതൊഴിലാളികളുടെ മക്കളാണ് അന്നത്തെ വിദ്യാർത്ഥികൾ. സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനസമൂഹമാണ് വിദ്യാലയത്തിന്റെ കരുത്ത്.

സാമ്പത്തികമായി വളരെ പിന്നാകം നിൽക്കുന്ന കുട്ടികളാണ് നമ്മുടെ സ്കൂളിൽ പഠിക്കുന്നത്. വളരെ ശോചനീയമായ ഗൃഹാന്തരീക്ഷത്തിൽ നിന്ന് വരുന്ന കുട്ടികളായതുകൊണ്ട് തന്നെ പഠനത്തിലും അച്ചടക്കത്തിലും മികച്ച നിലവാരത്തിലെത്തിക്കാൻ അധ്യാപകരും പി.റ്റി.എയും കൂട്ടായ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഒരു വിഭാഗം ജനങ്ങളാണ് സ്കൂളിന്റെ ശക്തികേന്ദ്രം. സാധാരണക്കാരിൽ നിന്നും ലഭിക്കുന്ന പിന്തുണയും പ്രോത്സാഹനവും എന്നും എപ്പോഴും വിദ്യാലയത്തിന് ശക്തി പകരുന്നു. ഗ്രാമസഭയിലും പി.ഇ.സി. മീറ്റിംഗിലും, എസ്.എം.സി യോഗങ്ങളിലും സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ പുരോഗതി അജണ്ടയായി ചർച്ച ചെയ്യുകയും സമയ ബന്ധിതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തു വരുന്നു.

## നമ്മുടെ വിദ്യാലയത്തെ കുറിച്ചുള്ള കാഴ്ചപ്പാട്

- നമ്മുടെ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റുക.
- നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക.
- നമ്മുടെ വിദ്യാലയത്തിലെ ഓരോ ക്ലാസ് മുറിയും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റുക.
- ശിശുസൗഹൃദ വിദ്യാലയ അന്തരീക്ഷം നമ്മുടെ വിദ്യാലയത്തിൽ ഒരുക്കും.
- ഭൗതികവും അക്കാദമികവുമായ ഗുണപരമായ മാറ്റം വിദ്യാലയത്തിൽ വരുത്തുക.

## ഉദ്ദേശ്യങ്ങൾ

കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് സർക്കാർ വിവിധ വകുപ്പുകൾ, ഏജൻസികൾ, അധ്യാപകർ, വിദ്യാർത്ഥികൾ, പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, വിവിധ സംഘടനകൾ, സാമൂഹ്യപ്രവർത്തകർ, ഐ.റ്റി വിദഗ്ധർ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ ഏകോപനം ഉറപ്പ് വരുത്തുക.

## പൊതുലക്ഷ്യങ്ങൾ

- പ്രീപ്രൈമറി വിദ്യാഭ്യാസം ശിശുസൗഹൃദമാക്കുക.
- ഒന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നേടാനുള്ള ശേഷികൾ നേടുക.
- ഓരോ ക്ലാസിലും അതാത് വിഷയങ്ങളിൽ കുട്ടികൾ നേടേണ്ട പഠനനേട്ടങ്ങൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
- ഗണിതത്തിലെ അടിസ്ഥാന ശേഷികൾ പഠനോപകരണങ്ങളുടെ സഹായത്തോടെ എല്ലാവർക്കും നേടാനാകുന്ന വിധത്തിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഭാഷാപഠന ക്ലാസുകൾ ആകർഷകമാക്കാൻ വേണ്ടി ഭാഷാപഠനമൂലകൾ ക്ലാസുകളിൽ സ്ഥാപിക്കുക. (eg : സമാന കവിതകൾ, ചെറിയ കഥകൾ, കവി പരിചയം, പ്രധാന കൃതികൾ, ചിത്രവായനക്കുള്ള ചിത്രങ്ങൾ, ആസ്വാദനക്കുറിപ്പ്, ജീവചരിത്രക്കുറിപ്പ്, വിവരണം)
- ഭാഷാ ഗ്യാലറി – പൊതു ലൈബ്രറിയിൽ തന്നെ ഓരോ പാഠത്തിനും ആവശ്യമായവ അധ്യാപകർ തയ്യാറാക്കുന്നു.
- ആരോഗ്യ പരിശോധനാ ക്യാമ്പ് സംഘടിപ്പിക്കുക.
- സർവ്വേ – കുട്ടികളുടെ ഭവന സന്ദർശനം വഴി – കുട്ടികളെ സംബന്ധിക്കുന്ന വിവരശേഖരണം നടത്തുന്നു. (അവധിക്കാലത്ത്)
- അധ്യാപകർക്ക് വിഷയപരിജ്ഞാനവും നൈപുണികളും ആർജ്ജിക്കാൻ അവസരം സ്കൂൾ തലത്തിൽ ഒരുക്കുന്നു.
- ജനറൽ ലൈബ്രറി, ക്ലാസ് ലൈബ്രറി, അധ്യാപക ലൈബ്രറി എന്നിവ സജ്ജമാക്കൽ.

- ജൈവവൈവിധ്യപാർക്ക്
    - പൂന്തോട്ടം
    - പച്ചക്കറിത്തോട്ടം
    - ഔഷധോദ്യാനം
    - മഴക്കുഴി
    - കുട്ടികളുടെ പാർക്ക്
- അടുക്കള : ആധുനിക രീതിയിൽ മെച്ചപ്പെട്ട പാചകപ്പുരയും അടുക്കളയും ഉണ്ട്. പക്ഷേ ഡൈനിംഗ് റൂം നിർമ്മിക്കണം
- സാമൂഹ്യശാസ്ത്ര ലാബ്, സാമൂഹ്യശാസ്ത്ര മ്യൂസിയം സജ്ജീകരിക്കുന്നു.
- ഗണിതലാബ് സജ്ജീകരിക്കുന്നു.
- ശ്രദ്ധ പ്രവർത്തനം മികവുറ്റതാക്കുന്നു.
- ടാലന്റ് ലാബിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുക.
- മലയാളത്തിളക്കം – വായനയിലും എഴുത്തിലും പിന്നാക്കക്കാരായ കുട്ടികളെ പ്രത്യേക പരിഗണന നൽകി പരിശീലനം നൽകുക.
- എൽ.പി. ക്ലാസുകൾ മുതൽ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ,
- ഹലോ ഇംഗ്ലീഷ് പോലുള്ള എസ്.എസ്.എ പരിപാടികൾക്ക് മുൻഗണന നൽകുക.
- കോർണർ പി.ടി.എ മീറ്റിംഗുകൾ സംഘടിപ്പിക്കുക.
- പ്രാദേശിക പഠനകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുക.

- കുട്ടികളുടെ സമഗ്രവികസനത്തിനുതകുന്ന പഠനാന്തരീക്ഷം ഭൗതിക സാഹചര്യം എന്നിവ നൽകുക.
- അക്കാദമിക പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് കൃത്യമായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.
- സമഗ്ര ആരോഗ്യപോഷകാഹാര പരിപാടികൾ സംഘടിപ്പിക്കുക.
- ലൈബ്രറി, ലാബ് എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- വിദ്യാലയ പുരോഗതിയ്ക്കായി നല്ല സാമൂഹിക പിന്തുണ ഉറപ്പാക്കുക.
- ശിശുസൗഹൃദ വിദ്യാലയാന്തരീക്ഷം ഉറപ്പാക്കുക.
- പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി മെച്ചപ്പെട്ട അധ്യയന രീതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- വിവിധ വിഷയങ്ങൾക്ക് പിന്തുണ നൽകുന്നതിന് ആവശ്യമായ മേഖലകളും തന്ത്രങ്ങളും ആവിഷ്ക്കരിക്കുക.
- ഇംഗ്ലീഷ് നല്ല രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കുക.
- സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രദർശനങ്ങൾ, ശാസ്ത്രമേളകൾ, ഗണിതശാസ്ത്ര, പ്രവർത്തി പരിചയ മേളകൾ, സാമൂഹ്യ ശാസ്ത്രമേളകൾ എന്നിവയ്ക്ക് തയ്യാറെടുക്കുന്നതിനായി എസ്.ആർ.ജിയുടെ സേവനം ശക്തിപ്പെടുത്തുക.

- വ്യക്തിത്വ വികസന ക്യാമ്പ്, സബ്ജക്ട് എക്സ്പർട്ട് ക്ലാസ്സുകൾ, ആരോഗ്യപരിപാലന ക്ലാസ്സുകൾ, കൗൺസലിംഗ് ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക.
- സ്കൂൾ കൗൺസലിംഗ് ടീം രൂപീകരിക്കുക
- വിദ്യാലയ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്കെത്തുന്നതിനായി പബ്ലിസിറ്റി കമ്മിറ്റി രൂപീകരിക്കുകയും മാധ്യമങ്ങളെ യഥാസമയം അറിയിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക.
- ക്ലസ്റ്റർ പരിശീലനങ്ങൾ തുടർന്നും നടപ്പിലാക്കുക.
- സ്കൂൾ കാമ്പസ് ഒരു വിദ്യാലയം എന്ന സങ്കൽപത്തിൽ, ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തുക. ഔഷധോദ്യാനം, ശലഭോദ്യാനം ഇവ മെച്ചപ്പെടുത്തണം.

# അക്കാദമിക പ്രവർത്തനങ്ങൾക്ക് നിലവിലെ അവസ്ഥ

കണിയാപുരം ഗവ. യു.പി.എസ്സിൽ KG മുതൽ 7-ാം ക്ലാസ് വരെ 1180 കുട്ടികളും പഠിക്കുന്നു. 620 ആൺകുട്ടികളും 560 പെൺകുട്ടികളുമുണ്ട്. സമീപ പ്രദേശത്തുള്ള ജി. എൽ. പി. എസ്. കരിച്ചാറ, ജി. എൽ. പി. എസ്. പള്ളിപ്പുറം, ജി. എൽ. പി. എസ്. പെരുമാതുറ, ജി. എൽ. പി. എസ്, മേനംകുളം, ജി. എൽ. പി. എസ് ആലുംമൂട് തുടങ്ങിയ വിദ്യാലയങ്ങളിൽ നിന്നും ധാരാളം കുട്ടികൾ വന്നുചേരുന്നു. യത്തീംഖാനയിൽ നിന്നുള്ള കുട്ടികളും അന്യ സംസ്ഥാന തൊഴിലാളികളുടെ മക്കളും ഇവിടെ വരുന്നുണ്ട്. സമീപ പ്രദേശത്തെ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും എയ്ഡഡ് സ്കൂളുകളിൽ നിന്നും ഈ അധ്യയന വർഷവും ധാരാളം വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയത്തിൽ വന്നു ചേർന്നു. മികച്ച രീതിയിലുള്ള ഉച്ചഭക്ഷണ വിതരണ സംവിധാനം സാധാരണക്കാരുടെ മക്കൾക്ക് ആരോഗ്യകരമായ ജീവിതത്തിനും പഠനത്തിനും സഹായകമാണ്. ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രഭാത ഭക്ഷണം കൂലിപ്പണിക്കാരായ രക്ഷിതാക്കളുടെ മക്കൾക്ക് ഏറെ ആശ്വാസകരമാണ്. അധ്യാപകരും പി.ടി.എ യും ഒത്തൊരുമിച്ച് നടത്തിയ ഓണസദ്യയും ഓണാഘോഷ പരിപാടികളും ക്രിസ്തുമസ് ദിനാഘോഷവുമായി ബന്ധപ്പെട്ട് സ്കൂളിൽ സംഘടിപ്പിച്ച പുൽക്കൂട് നിർമ്മാണവും വിവിധ കലാപരിപാടികളും റംസാൻ ദിനാഘോഷ പരിപാടികളും മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസത്തിന് നമ്മുടെ വിദ്യാലയം നൽകുന്ന പരിഗണന മതസൗഹാർദ്ദം കുട്ടികളിൽ വളർത്താൻ ഉപകരിക്കുന്നു. കുട്ടികളിൽ വായന, ലേഖനം, ഗണിതാശയങ്ങൾ, ചതുഷ്ക്രിയകൾ ഇവയിലൊക്കെ പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പിന്തുണ ഉറപ്പാക്കുന്നു.

## വിദ്യാലയത്തിലെ ഐ.ടി. അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ ഡസ്ക്ടോപ്പ് | 4 | 500 |
| ലാപ്ടോപ്പ് | 16 | 150 |
| പ്രൊജക്ടർ | 6 | 35 |
| റേഡിയോ | ഇല്ല | സ്പീക്കർ |
| ടി.വി | 1 | 1 |
| വിക്ടർ ചാനലിന്റെ സാധ്യത | ഉണ്ട് | |
| ഡി.വി.ഡി പ്ലെയർ | ഇല്ല | 2 എണ്ണം |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| വിദ്യാലയത്തിന് സ്വന്തമായ ബ്ലോഗ് | ഉണ്ട് | |
| ഇ-മെയിൽ ഐ.ഡി | gupskaniyapuram@gmail.com | |
| സ്മാർട്ട് ക്ലാസ്റൂം | 3 | 33 |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഇല്ല | 35 |

# സബ്ജക്ട് കൗൺസിൽ

ആഴ്ചയിലൊരിക്കൽ സബ്ജക്ട് കൗൺസിൽ കൃത്യമായി കൂടാറുണ്ട്. അവലോകനം നടത്തുകയും ആസൂത്രണം ചെയ്യുകയും ചെയ്യാറുണ്ട്. ക്ലാസ് റൂം പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, പരിഹാര ബോധന പ്രവർത്തനങ്ങൾ, പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർമ്മാണ പ്രവർത്തനങ്ങൾ ലളിതമാക്കൽ തുടങ്ങിയ കാര്യങ്ങൾ വിഷയ സമിതി ചർച്ച ചെയ്ത് തീരുമാനിക്കുന്നു. ഓരോ ദിവസവും ഓരോ വിഷയ സമിതിയാണ് കൂടുന്നത്. വിഷയ സമിതി കൺവീനറിന്റെ നേതൃത്വത്തിലാണ് യോഗം കൂടുന്നത്.

# എസ്. ആർ. ജി

ബി. ആർ. സി. തല അവധിക്കാല അധ്യാപക പരിശീലനം കഴിഞ്ഞ ഉടൻ തന്നെ (23.05.2025) വിവിധ സമിതികൾ കൂടുകയും സ്കൂളിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ക്ലാസ്തല അക്കാദമിക മാസ്റ്റർ പ്ലാൻ, ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കി. 21.05.2025 ന് കൂടിയ എസ്. ആർ. ജി യോഗത്തിൽ വിവിധ ചുമതലകൾക്ക് നേതൃത്വം നൽകേണ്ട അധ്യാപകരെ കണ്ടെത്തി. ചുമതലകൾ ഏൽപ്പിക്കുകയും ചെയ്തു. എൽ.പി, യു.പി തലങ്ങളിൽ HM ന്റെ നേതൃത്വത്തിൽ ബുധൻ, വ്യാഴം ദിവസങ്ങളിൽ 3.30 ന് എസ്. ആർ. ജി. കൂടാൻ തീരുമാനിച്ചു. ഓരോ ആഴ്ചയും മുൻകൂട്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. കൂട്ടായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ഓരോരുത്തരെ ചുമതല ഏൽപ്പിക്കുകയും ചെയ്യും. എസ്. ആർ. ജി. യോഗങ്ങൾ കൃത്യമായി കൂടുകയും തീരുമാനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും നടപ്പാക്കുകയും ചെയ്തുവരുന്നു. ഉപജില്ല-ജില്ലാതല, കലാ-കായിക പ്രവൃത്തി പരിചയ മേളകളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്യും. സ്കൂൾ പ്രവേശനോത്സവം, ദിനാചരണങ്ങൾ എസ്. ആർ. ജി. യിൽ കൂട്ടായ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുകയാണ് പതിവ്. സ്കൂൾ യൂണിഫോം, പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിന് മുമ്പ് വിതരണം പൂർത്തിയാക്കാൻ തീരുമാനങ്ങൾ എടുത്ത് നടപ്പാക്കി വരുന്നു.

# സ്കൂൾ പ്രൊഫൈൽ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ. യു. പി. എസ്. കണിയാപുരം |
| സ്കൂളിന്റെ ഫോൺ നം. | : 0471-2752651 |
| റവന്യൂ വില്ലേജ്/വാർഡ് | : പള്ളിപ്പുറം / വലിയവീട് |
| സി. ആർ. സി | : പള്ളിപ്പുറം |
| ബി. ആർ. സി | : കണിയാപുരം |
| ഗ്രാമപഞ്ചായത്ത് | : അണ്ടൂർക്കോണം |
| ബ്ലോക്ക് | : പോത്തൻകോട് |
| ജില്ല | : തിരുവനന്തപുരം |
| ഹെഡ്മാസ്റ്റർ | : ഷാജഹാൻ |

## ക്ലബ്ബ് പ്രവർത്തനങ്ങൾ

### ■ ഗണിത ക്ലബ്ബ്

ജൂൺ മാസം തന്നെ ഗണിത ക്ലബ്ബ് രൂപീകരിക്കുകയും കൺവീനറായി ശ്രീമതി സീന ടീച്ചറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഗണിതോത്സവത്തിന്റെ ഭാഗമായി സബ് ജില്ലാതല ഗണിതമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും ഗണിത മാഗസിൻ, പഠനോപകരണങ്ങൾ, മാതൃകകൾ എന്നിവ, നിർമ്മിക്കുകയും ചെയ്യുന്നു. ഗണിതത്തിൽ കുട്ടികളെ കൂടുതൽ താൽപര്യമുള്ളവരാക്കാൻ ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സഹായകമാവുന്നു.

### ■ സാമൂഹ്യശാസ്ത്ര ക്ലബ്ബ്

സാമൂഹ്യശാസ്ത്ര ക്ലബ്ബിൽ 30 അംഗങ്ങളുണ്ട്. ക്ലാസ്തല പ്രവർത്തനങ്ങളോടൊപ്പം ക്ലബ്ബ്തല പരിപാടികളും സംഘടിപ്പിക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഗ്രൂപ്പ്തല പ്രവർത്തനങ്ങൾ, വ്യക്തിഗത രചനകൾ, പതിപ്പുകൾ നിർമ്മാണം, അഭിമുഖം, പഠനയാത്രകൾ, ആൽബം തയ്യാറാക്കൽ, ചാർട്ട് തയ്യാറാക്കൽ, പ്രദർശനം സംഘടിപ്പിക്കൽ, പോസ്റ്റർ നിർമ്മാണം, സ്വാതന്ത്ര്യദിനാഘോഷം, റിപ്പബ്ലിക് ദിനാഘോഷം, ലഹരി വിരുദ്ധദിനം, തപാൽ ദിനം തുടങ്ങിയ ദേശീയ ആഘോഷങ്ങൾ സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നു. ക്വിസ് മത്സരം, ചിത്ര രചനാമത്സരം, പോസ്റ്റർ രചനാ മത്സരം, ഉപന്യാസ രചനാ മത്സരം, പ്രസംഗ മത്സരം എന്നിവയും നടത്തി വരുന്നു.

## ലൈബ്രറി

സുസജ്ജമായൊരു ലൈബ്രറി സ്കൂളിനുണ്ട്. അതിന്റെ ചുമതല ശ്രീമതി മേരി റോസലിൻ ടീച്ചറിനാണ്. കൃത്യമായ സ്റ്റോക്ക് രജിസ്റ്ററും വിതരണം ചെയ്യുന്ന പുസ്തകങ്ങളുടെ രേഖപ്പെടുത്തലുകൾക്കായുള്ള രജിസ്റ്ററും ഉണ്ട്. ജൂൺ ആരംഭത്തിൽ തന്നെ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ ക്ലാസ് അധ്യാപകരെ ഏൽപ്പിക്കുന്നു. ക്ലാസ്തല ലൈബ്രറി ഈ വർഷം വിദ്യാലയത്തിൽ തുടങ്ങിയ നൂതന പ്രവർത്തനമാണ്. ക്ലാസ്സുകളിൽ കുട്ടികൾക്ക് അഭിരുചിക്കിണങ്ങുന്ന വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ യഥേഷ്ടം എടുത്തു വായിക്കാൻ അവസരം ഉണ്ട്. സ്കൂൾ ലൈബ്രറിയുടെ മാതൃകയിൽ ക്ലാസ് ലൈബ്രറി ചുമതലയ്ക്ക് ഒരു കുട്ടിയെ നിയോഗിച്ചിട്ടുണ്ട്. ആ കുട്ടിയുടെ നേതൃത്വത്തിൽ പുസ്തക വിതരണം നടക്കുന്നു. സ്റ്റോക്ക് രജിസ്ട്രറും വിതരണ രജിസ്ട്രറും ക്ലാസ് തലത്തിലും സൂക്ഷിക്കുന്നു. വായിച്ച പുസ്തകത്തെ അടിസ്ഥാനമാക്കി വായനാക്കുറിപ്പുകൾ, ആസ്വാദന കുറിപ്പുകൾ, ചിത്ര രചനകൾ, വ്യവഹാരമാറ്റം എന്നിവയും കുട്ടികൾ നടത്തുന്നു. വായനാദിനവുമായി ബന്ധപ്പെട്ട ക്വിസ്, പ്രദർശനങ്ങൾ, പതിപ്പികളുടെ നിർമ്മാണം എന്നിവയും നടത്തി വരുന്നു. അസംബ്ലിയിൽ പുസ്തക പരിചയപ്പെടുത്തൽ, എഴുത്തുകാരെ പരിചയപ്പെടുത്തൽ എന്നിവയും നടത്തി വരുന്നു. പുസ്തക സമാഹരണവും ഈ വർഷം നടന്നു. വായനാക്കൂട്ടായ്മ, പുസ്തക ചർച്ച എന്നിവയും നടന്നു വരുന്നു. സർഗ്ഗാത്മക രചനകളുടെ പ്രദർശനവും നടക്കുന്നു.

## വിദ്യാരംഗം കലാസാഹിത്യവേദി

മേരി സെലിൻ ടീച്ചർ കൺവീനറായുള്ള വിദ്യാരംഗം കലാസാഹിത്യവേദിയിൽ മലയാള ഭാഷയെയും സാംസ്കാരത്തെയും പോഷിപ്പിക്കാൻ ഉപകരിക്കുന്ന നിരവധി സർഗ്ഗാത്മക രചനാപ്രവർത്തനങ്ങൾ നടന്നുവരുന്നു. സർഗ്ഗോത്സവം സ്കൂൾ തലത്തിലും സബ് ജില്ലാതലത്തിലും നടന്നു. അതിൽ നമ്മുടെ വിദ്യാലയത്തിൽ നിന്നും മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തുവരുന്നു. വിദ്യാരംഗം കലാസാഹിത്യവേദി ക്ലബ്ബിന്റെ ഉദ്ഘാടനം പ്രശസ്ത കവിയും സാംസ്കാരിക പ്രവർത്തകനുമായ ശ്രീ. കണിയാപുരം നാസറുദ്ദീൻ സാർ ഉദ്ഘാടനം ചെയ്തു. കവികളുടെയും, എഴുത്തുകാരുടെയും ഫോട്ടോ പ്രദർശനം, പുസ്തക പ്രദർശനം ഇവയും നടന്നു. ഓരോ മാസത്തെയും ഓരോ ദിനാഘോഷത്തിന് മുൻതൂക്കം നൽകി വിവിധ പരിപാടികൾ നടക്കുന്നു.

# ലാബ് പ്രവർത്തനങ്ങൾ

## ■ കമ്പ്യൂട്ടർ ലാബ്

പരിമിതമായ കമ്പ്യൂട്ടറുകളാണ് നമ്മുടെ വിദ്യാലയത്തിനുള്ളത്. കുട്ടികളുടെ എണ്ണം കൂടുതലുള്ളതുകൊണ്ട് പ്രായോഗിക പരിജ്ഞാനം നൽകുന്നതിന് വളരെ ബുദ്ധിമുട്ടാണ്. എങ്കിലും ചുമതലയുള്ള രണ്ട് അധ്യാപികമാർ വളരെ ചിട്ടയായി ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. എല്ലാ അധ്യാപകർക്കും IT പരിശീലനം കിട്ടിയിട്ടുണ്ട്. അതാത് വിഷയങ്ങൾ, വിവര സാങ്കേതിക വിദ്യ പരമാവധി ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് നൽകാൻ അധ്യാപകർ ശ്രദ്ധിക്കുന്നുണ്ട്. പാഠഭാഗവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ ദൃശ്യങ്ങൾ അതാതു സമയങ്ങളിൽ കാണിക്കുന്നു. നിലവിലുള്ള IT ലാബ് വിപുലീകരിച്ചെങ്കിൽ മാത്രമേ പ്രതീക്ഷിത ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളു.

## ■ സയൻസ് ലാബ്

സയൻസ് ലാബിന്റെ ചുമതല ശ്രീമതി റോസമ്മ ടീച്ചറിനാണ്. പരീക്ഷണ നിരീക്ഷണത്തിനുള്ള സൗകര്യം ലാബിൽ ഒരുക്കിയിട്ടുണ്ട്. ഗ്രൂപ്പായും വ്യക്തിഗതമായും പരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഈ വർഷം ശാസ്ത്രോത്സവം നമ്മുടെ വിദ്യാലയത്തിൽ സംഘടിപ്പിച്ചു. ശാസ്ത്ര കൗതുകം കുട്ടികളിൽ വളർത്താൻ സഹായകമായി. ശാസ്ത്രോത്സവത്തിന്റെ ഭാഗമായി സ്കൂളിൽ നടത്തിയ ശാസ്ത്ര പ്രദർശനവും വിജ്ഞാനവും ജിജ്ഞാസയും കൗതുകവും ഉണർത്താൻ ഉപകരിച്ചു. സയൻസ് ക്വിസ്, മാഗസിൻ നിർമ്മാണം, ചാന്ദ്രദിനം, ISRO സന്ദർശനം, മിൽമ സന്ദർശനം, ടെക്നിക്കൽ ഹൈസ്കൂൾ സംസ്ഥാനതല പ്രദർശനം (ചാവടിമുക്ക്, ടെക്നിക്കൽ ഹൈസ്കൂളിൽ) എന്നീ പ്രവർത്തനങ്ങളൊക്കെ നടന്നു.

## സയൻസ് ലാബ്

സയൻസ് ലാബിന്റെ ചുമതല ശ്രീമതി. റോസമ്മ ടീച്ചറിനാണ്. പരീക്ഷണ നിരീക്ഷണത്തിനുള്ള സൗകര്യം ലാബിൽ ഒരുക്കിയിട്ടുണ്ട്. വ്യക്തിഗതമായും ഗ്രൂപ്പായും ചെയ്യുന്നതിനുള്ള അവസരം ലാബിൽ ഒരുക്കിയിട്ടുണ്ട് കഴിഞ്ഞ വർഷം സ്കൂളിൽ നടത്തിയ ശാസ്ത്രോത്സവം ശാസ്ത്ര കൗതുകം കുട്ടികളിൽ വളർത്താൻ സഹായിച്ചു. അതിന്റെ ഭാഗമായി ഈ വർഷവും ശാസ്ത്ര പ്രദർശനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലൂടെ കുട്ടികളിൽ വിജ്ഞാനവും ജിജ്ഞാസയും കൗതുകവും ഉണർത്താൻ ഉപകരിക്കും. സയൻസ് ക്വിസ്, മാഗസിൻ നിർമ്മാണം, ചാന്ദ്രദിനം, ISRO സന്ദർശനം, മിൽമ സന്ദർശനം എന്നിവയും മുൻവർഷങ്ങളിലേതുപോലെ നടത്താൻ തീരുമാനിച്ചു.

## ഗാന്ധിദർശൻ ക്ലബ്ബ്

ഗാന്ധി ദർശൻ ക്ലബ്ബിന്റെ ചുമതല ശ്രീമതി. സീന. എസ്. എൻ ടീച്ചറിനാണ് (യു.പി). അഞ്ജു ടീച്ചറിനാണ് എൽ.പി വിഭാഗത്തിന്റെ ചുമതല. എല്ലാ മാസവും ക്ലബ്ബ് അംഗങ്ങൾ ഒരുമിച്ച് കൂടി പ്രവർത്തനങ്ങൾ നടത്തും. ലോഷൻ നിർമ്മാണം, ബോധവത്കരണക്ലാസ്സുകൾ ഇവ നടത്തും. ഗാന്ധി ജയന്തി ദിനം വിപുലമായ പരിപാടികളോടെ സ്കൂളിൽ നടത്തും. ജനുവരി 30 രക്തസാക്ഷിത്വദിനം ഗാന്ധിജിയുടെ അനുസ്മരണവും പ്രതിജ്ഞയും സ്പെഷ്യൽ അസംബ്ലിയും ഉൾപ്പെടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ക്വിസ് മത്സരം, ഉപന്യാസ പ്രസംഗ മത്സരം എന്നിവയും നടത്തും.

## ഹെൽത്ത് ക്ലബ്ബ്

ഈ വർഷത്തെ ഹെൽത്ത് ക്ലബ്ബ് കൺവീനറായി ............ ടീച്ചറിനെ തിരഞ്ഞെടുത്തു. വിവിധ ക്ലാസുകളിൽ നിന്നും ജൂൺ ആരംഭത്തിൽ തന്നെ അംഗങ്ങളെ ഗ്രൂപ്പാക്കി ചുമതലകൾ നൽകും. സ്കൂൾ പരിസരം, ശുചിമുറികൾ, അധ്യാപകരുടെ നേതൃത്വത്തിലിവ വൃത്തിയാക്കും. പാചകപ്പുരയും, പരിസരവും നിരീക്ഷിക്കേണ്ട ചുമതലയും ഹെൽത്ത് ക്ലബ്ബ് അംഗങ്ങൾക്കുണ്ട്. ഓരോ ക്ലാസിനും വേസ്റ്റ് നിക്ഷേപിക്കുന്നതിന് വേസ്റ്റ് ബോക്സുകൾ നൽകും. മാലിന്യങ്ങളുള്ളവ അതിൽ മാത്രമേ നിക്ഷേപിക്കാവൂ എന്ന കർശന നിർദ്ദേശവും എല്ലാ കുട്ടികൾക്കും നൽകും. സ്കൂളിന് ആവശ്യമായ ഫസ്റ്റ് എയ്ഡ് സൗകര്യവും സ്കൂളിന് ഒരുക്കിയിട്ടുണ്ട്. കൂടാതെ വാക്സിനേഷനുകൾ, വിരഗുളികകളുടെ വിതരണം, അയൺ ഗുളിക വിതരണം.

## ■ ഇക്കോ ക്ലബ്ബ്/സീഡ് ക്ലബ്ബ്

ഇക്കോ-സീഡ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനം മുതൽ വിപുലമായ പരിപാടികളാണ് നടന്നു വരുന്നത്. ലോകപരിസ്ഥിതി ദിനത്തിൽ സ്പെഷ്യൽ അസംബ്ലിയും മത്സരങ്ങളും സംഘടിപ്പിച്ചു വൃക്ഷത്തൈ നടീലും സ്കൂൾ പരിസരം വൃത്തിയാക്കലും നടന്നു. ഇക്കോ-സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിൽ ഒരു ജൈവവൈവിധ്യ പാർക്ക് നിർമ്മിച്ചിട്ടുണ്ട്. വൈവിധ്യമാർന്ന, ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ, ഔഷധ സസ്യങ്ങൾ, തണൽ മരങ്ങൾ ഇവ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ആവാസ വ്യവസ്ഥയുടെ ഭാഗമായി ഒരു കുളവുമുണ്ട്. ഗാന്ധിദർശൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ച ലോഷൻ, സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ ജൈവകീടനാശിനികൾ ഇവ ഇക്കോ-ക്ലബ്ബിന് നൽകിയിട്ടുണ്ട്. ജൈവപച്ചക്കറി കൃഷി നല്ലരീതിയിൽ നടക്കുന്നുണ്ട്. ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ചും വിവിധങ്ങളായ പ്രവർത്തനങ്ങളും സ്കൂൾ പരിസരം വൃത്തിയാക്കലും നടന്നു. ബോധവത്ക്കരണ ക്ലാസുകൾ, റാലി ഇവയും സംഘടിപ്പിക്കാറുണ്ട്. മലീമസമായി മാറിയ പരുത്തിക്കാട് പ്രദേശവും സന്ദർശിക്കുകയുണ്ടായി.

# തനതുപ്രവർത്തനങ്ങൾ

## ഒപ്പം

കോവിഡാനന്തര കാലത്ത് കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങളായ പെരുമാറ്റ വൈകല്യങ്ങൾ പഠനപിന്നാക്ക അവസ്ഥ, വിമുഖത, താൽപര്യക്കുറവ്, അനുസരണക്കേട്, അച്ചടക്കമില്ലായ്മ, മോശം സംസാരം, ഗെയിം അഡിക്ഷൻ, മറ്റു മാനസിക വൈകാരിക പ്രശ്നങ്ങൾ ഇവ പരിഹരിച്ച് അവരിൽ പഠനതാൽപര്യവും വ്യക്തിത്വ വികാസവും സാധ്യമാക്കുന്നതിനായുള്ള പരിപാടി. ബോധവത്കരണക്ലാസുകൾ (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും രക്ഷിതാക്കൾക്കും വെവ്വേറെ), കൗൺസലിംഗ് (വ്യക്തിഗതം, ഗ്രൂപ്പ്), ലഘുനാടകങ്ങൾ ഇവയൊക്കെ ഒപ്പത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

## ■ റേഡിയോ ചങ്ങാതി

ഓരോ കുട്ടിയുടേയും ജന്മവാസനകളെ പ്രോത്സാഹിപ്പിക്കാൻ ഉപകരിക്കുന്ന ഒരു പരിപാടിയാണിത്. എല്ലാ ക്ലാസ്സുകാർക്കും അവരവരുടെ ഊഴം അനുസരിച്ച് പരിപാടികൾ അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും ഇവിടെ അവസരമുണ്ട്. തങ്ങളുടെ ശബ്ദം മൈക്കിലൂടെ പുറം ലോകത്തെ കേൾപ്പിക്കുക എന്നത് ഓരോ കുട്ടിയുടേയും സ്വപ്നമാണ്. ഉച്ചഭക്ഷണത്തിനുശേഷമുള്ള വിശ്രമവേള വിനോദപ്രദവും വിജ്ഞാനപ്രദവുമായി ഉപകരിക്കുന്നതാണ് നമ്മുടെ ഈ റേഡിയോ ചങ്ങാതി.

## ബാലസഭ

ബാലസഭ എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് 1 മണിമുതൽ 2 മണി വരെയുള്ള സമയത്ത് നടക്കുന്നു. കുട്ടികളുടെ കലാപരമായ കഴിവുകൾ യാതൊരു സങ്കോചവും കൂടാതെ മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനുള്ള വലിയൊരവസരമാണ് കുട്ടികൾക്ക് ലഭിക്കുന്നത്. കൂടാതെ ക്ലാസ്തല പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടാകുന്ന സ്കിറ്റ്, നാടകം, റോൾപ്ലേ, മറ്റ് പ്രകടനരൂപങ്ങളും ബാലസഭയിൽ അവതരിപ്പിക്കുന്നുണ്ട്. വെള്ളിയാഴ്ച ഉച്ചയ്ക്ക് ലഭിക്കുന്ന ഇടവേളയിലെ അധികസമയം ഫലപ്രദമായി വിനിയോഗിക്കുന്നതിനും അതുവഴി സാധിക്കുന്നുണ്ട്. ഓരോ ക്ലാസുകളും ഡിവിഷൻ തിരിച്ച് ക്ലാസ് ടീച്ചറിന്റെ നേതൃത്വത്തിലാണ് പരിപാടികൾ അവതരിപ്പിക്കുന്നത്. അവതാരകരുടെ റോളും കുട്ടികൾ ഭംഗിയായി തന്നെ നിർവ്വഹിക്കുന്നുണ്ട്.

# സ്കൂൾ ഉച്ചഭക്ഷണ വിതരണ പരിപാടി

വളരെ വിപുലമായ രീതിയിൽ മാതൃകാപരമായി ഉച്ചഭക്ഷണ പരിപാടിയും പോഷകാഹാര വിതരണവും നടക്കുന്ന ഒരു വിദ്യാലയമാണ് നമ്മുടേത്. സബ്ജില്ലയിൽ തന്നെ ഏറ്റവുമധികം കുട്ടികൾ Feeding Strength ഉള്ള സ്കൂളാണ് നമ്മുടേത്. 6th Working day കണക്കുപ്രകാരം 1138 കുട്ടികൾക്ക് ഭക്ഷണാനുമതി കിട്ടിയിട്ടുണ്ട്. 162 കുട്ടികൾ പ്രീ-പ്രൈമറി വിഭാഗത്തിലും ഉണ്ട്. മുൻവർഷത്തെ കണക്കാണിത്. കഴിഞ്ഞ വർഷം ടി.സി. വാങ്ങിയവരെ ഒഴിവാക്കി 1128 കുട്ടികൾ ഭക്ഷണം കഴിച്ചിരുന്നു. ഈ വർഷവും നമ്മുടെ വിദ്യാലയത്തിൽ ഭക്ഷണാനുമതി ലഭിക്കും. എല്ലാ ദിവസവും മൂന്ന് കറികൾ ഉൾപ്പെടെ രുചികരമായ ഉച്ചയൂണും തിളപ്പിച്ചാറ്റിയ വെള്ളവും കുട്ടികൾക്ക് നൽകുന്നുണ്ട്. ദിനാഘോഷങ്ങളിൽ പായസം ഉൾപ്പെടെയുള്ള സദ്യയും പുതുവർഷാഘോഷത്തിന് മിഠായിയും കൊടുക്കും. ഓരോ മാസവും ഉച്ചഭക്ഷണത്തോടൊപ്പം മാംസാഹാരം കൊടുക്കാറുണ്ട്. ഉച്ചഭക്ഷണത്തിൽ മാസത്തിലൊരിക്കൽ കപ്പയും നൽകാറുണ്ട്. ആഴ്ചയിൽ രണ്ടു ദിവസം പാൽ, മറ്റൊരു ദിവസം മുട്ട, പഴം എന്നിവയും നൽകും. രണ്ട് പാചക തൊഴിലാളികളാണ് നിലവിൽ ഉള്ളത്. അവരെ കൊണ്ട് മാത്രം കഴിയാത്തതു കൊണ്ട് ഒരാളെക്കൂടി പി.ടി.എ നിയോഗിച്ചിട്ടുണ്ട്. ഈ വർഷാരംഭം മുതൽ പ്രഭാത ഭക്ഷണംകൂടി കുട്ടികൾക്ക് നൽകി തുടങ്ങുന്നു എന്നത് മറ്റൊരു പ്രത്യേകതയാണ്. പ്രഭാതഭക്ഷണവിതരണത്തിന്റെ ചുമതല യു.പി. വിഭാഗം സൗമ്യ ടീച്ചർ, രേണുക ടീച്ചർ, മേരി സെലിൻ എന്നിവർക്കും എൽ.പി വിഭാഗം പ്രഭാത ഭക്ഷണ ചുമതല അഞ്ജു ടീച്ചറിനും പ്രീ-പ്രൈമറിയുടെ ചുമതല ബീന ടീച്ചറിനും ആണ്.

ഉച്ചഭക്ഷണത്തിന്റെ സുഗമമായ നടത്തിപ്പിന്റെ ചുമതല കല ടീച്ചറിനും ഷെറിൻ ടീച്ചറിനും സീന. എസ്. എൻ ടീച്ചറിനും ആണ്. കൂടാതെ എൽ.പി.യിൽ നിന്നും ആര്യ ടീച്ചർ, ഹർഷ ടീച്ചർ, എന്നിവർക്കും ചുമതലയുണ്ട്. ഭക്ഷണത്തിൽ ചെറുധാന്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മാസത്തിൽ ഒന്നോ രണ്ടോ തവണ റാഗി പായസം കൂടി മെനുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. അടുക്കള തോട്ടവുമുണ്ട്. അതിന്റെ പരിപാലനം ഇക്കോ ക്ലബ്ബ് അംഗങ്ങൾ നിർവ്വഹിച്ചുവരുന്നു.

## സ്കൂൾ വാഹനസൗകര്യം

പി.ടി.എയുടെ നേതൃത്വത്തിൽ 9 ബസുകളാണ് നമ്മുടെ സ്കൂളിൽ നിലവിലുള്ളത്. കായലോര-കടലോര പ്രദേശങ്ങളിൽ നിന്നുമുള്ള കുട്ടികളെപ്പോലും ഇവിടെ എത്തിക്കുന്നതിനും സ്ട്രെങ്ത് നിലനിർത്തുന്നതിനും ഈ വാഹനങ്ങൾ വലുതായ പങ്കാണ് വഹിക്കുന്നത്. 18 ജീവനക്കാർ ഒരേ മനസ്സോടെ വാഹനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി ജോലി ചെയ്യുന്നുണ്ട്. ഒരു ഗവൺമെന്റ് വിദ്യാലയത്തെ സംബന്ധിച്ച് അസൂയാർഹമായ നേട്ടമാണിത്. എന്നിട്ടും, മുഴുവൻ കുട്ടികൾക്കും തിരക്കില്ലാതെ സൗകര്യപ്രദമായ രീതിയിൽ സ്കൂളിൽ എത്തിക്കുന്നതിന് ഈ സൗകര്യം പോരാ എന്നുള്ളതാണ് വരുംവർഷങ്ങളിൽ എം. എൽ.എ - എം.പി. ഫണ്ടോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയോ ഫണ്ടുപയോഗിച്ച് കൂടുതൽ വാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## പി.ടി.എ സ്കൂൾ രക്ഷകർത്തൃസമിതി

കണിയാപുരം ഗവ. യു.പി.എസിന്റെ വിജയത്തിനും മികവിനും പുറകിൽ അധ്യാപകരക്ഷകർതൃ സംഘടനയുടെ വളരെ വലിയ പങ്കാണുള്ളത്. സ്കൂൾ വാഹന സൗകര്യമാണ് കുട്ടികളുടെ എണ്ണത്തിനുള്ള അടിസ്ഥാനഘടകം. വാഹനസൗകര്യം, ഏറിയ പങ്കും പി.ടി.എയുടെ സംഭാവനയുമാണ്. സ്കൂളിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങൾക്കും പി.ടി.എയുടെ മേൽനോട്ടം ഉണ്ടാവാറുണ്ട്. സ്കൂളിൽ ലാബ് നവീകരണത്തിനും സ്മാർട്ട് റൂം നിർമ്മാണത്തിനും, ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നതിനുമായി ഫണ്ടുകൾ ലഭിച്ചിട്ടുണ്ടെങ്കിലും അതൊന്നും പര്യാപ്തമല്ലാതെ വരുന്ന സാഹചര്യങ്ങൾ പി.ടി.എയുടെ ധനസഹായത്തോടുകൂടിയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ടുള്ള എല്ലാ പരിപാടികളും പി.ടി.എ സഹകരിക്കാറുണ്ട്. സ്കൂളിന്റെ ദൈനംദിന കാര്യങ്ങളിലെല്ലാം പി.ടി.എയുടെ പങ്കാളിത്തം എടുത്തു പറയത്തക്കതാണ്.

# മികവുകൾ

2021–22 അക്കാദമിക വർഷത്തിൽ നമ്മുടെ വിദ്യാലയം വൈവിധ്യമാർന്ന നിരവധി പഠന പ്രവർത്തനങ്ങൾ കാഴ്ച വച്ചു.

വർണ ശബളമായ പ്രവേശനോത്സവം, പരിസ്ഥിതി ദിനാഘോഷം, വായനാവാരാചരണം, വിവിധ ക്ലബ്ബുകളുടെ രൂപീകരണം, ഗാന്ധി ദർശൻ, വിദ്യാരംഗം, കലാസാഹിത്യ വേദി, തുടങ്ങിയ തനത് പ്രവർത്തനങ്ങൾ കാര്യക്ഷമമായി സംഘടിപ്പിച്ചു.

ദിനാചരണങ്ങൾ, വിവിധ ഭാഷകളിലുള്ള അസംബ്ലി, ഇംഗ്ലീഷ്, ഹിന്ദി, അറബി, മലയാളം എന്നീ ഭാഷകളിൽ പദസമ്പത്ത് വർദ്ധിപ്പിക്കാനായി തുടങ്ങിയ വേഡ്–എ–ഡേ പരിപാടി, ദിനപത്രത്തിൽ നിന്നുള്ള ക്വിസ്സ് ചോദ്യശ്ശയാംസ ചോദിക്കലും വിജയിക്ക് സമ്മാനം നൽകൽ, ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ, ഗണിതോത്സവം, ശാസ്ത്രോത്സവം, ഐ. റ്റി. പഠനം സ്വായത്തമാക്കൽ, കലാമേളകൾ, പ്രവൃത്തി പരിചയമേളകൾ, കായിക മത്സരങ്ങൾ, സ്കൗട്ട് ആന്റ് ഗൈഡ്, എയ്റോബിക്സ്, ബാൻഡ് ട്രൂപ്പ് എന്നിവയും സ്കൂളിന്റെ എടുത്തു പറയത്തക്ക പ്രത്യേകതയാണ്.

## പഠന തെളിവുകൾ

- ഭാഷാപതിപ്പ്
- ഗണിത പതിപ്പ്
- ശാസ്ത്ര പതിപ്പ്
- ആസ്വാദനക്കുറിപ്പുകൾ
- ചിത്രരചനകൾ
- ചാർട്ടുകൾ
- ചുമർപത്രം
- ശാസ്ത്രമാഗസിൻ
- വിവിധ പഠന പ്രവർത്തനങ്ങളിലൂടെ രൂപപ്പെട്ട പതിപ്പുകൾ
- പരീക്ഷണ നിരീക്ഷണ കുറിപ്പുകൾ
- സർഗ്ഗാത്മക രചനകൾ
- സാഹിത്യ സൃഷ്ടികൾ
  പോസ്റ്റർ രചനകൾ
- സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ
- മാതൃകകൾ
- വിവിധങ്ങളായ മത്സരയിനങ്ങളിൽ നേടുന്ന വിജയം
- പ്രകടന രൂപങ്ങൾ (നാടകം, രംഗാവിഷ്കാരം)

# അവസ്ഥ വിശകലനം

| വർഷം | ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|---|
| 2015–16 | 1–7 | 541 | 567 | 1108 |
| 2016–17 | 1–7 | 449 | 569 | 1118 |
| 2017–18 | 1–7 | 610 | 580 | 1190 |
| 2018–19 | 1–7 | 621 | 575 | 1196 |
| 2019–20 | 1–7 | 637 | 581 | 1218 |
| 2020–21 | 1–7 | 652 | 581 | 1233 |
| 2021–22 | 1–7 | 718 | 619 | 1337 |
| 2022–23 | 1–7 | 699 | 602 | 1301 |
| 2023–24 | 1–7 | 579 | 528 | 1107 |
| 2024–25 | 1–7 | 539 | 489 | 1028 |
| 2025–26 | 1–7 | | | |

## നിലവിലുള്ള പ്രശ്നങ്ങൾ - പരിഹരിക്കാൻ ഉദ്ദേശിക്കുന്നവ

*1. ലൈബ്രറി നവീകരണം :*

LP, UP വിഭാഗങ്ങൾക്കായി പ്രത്യേകം ലൈബ്രറി റൂം ഇല്ല. ആറു അലമാരകളിലായിട്ടാണ് പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. CD ലൈബ്രറി ആവശ്യമായിട്ടുണ്ട്. പുസ്തകങ്ങൾ ക്രമീകരിക്കുന്നതിനാവശ്യമായ ഷെൽഫുകൾ, ലൈബ്രേറിയന്റെ സേവനം എന്നിവ നിലവിലില്ല. റഫറൻസ് സെക്ഷൻ പ്രവർത്തിക്കുന്നതിനും, റീഡിംഗ് റൂമിനും ആവശ്യമായ ബഞ്ച്, ഡസ്ക്, കസേര, മേശ എന്നിവയും ആവശ്യമാണ്. പുസ്തകങ്ങൾ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യം വേണ്ടതുപോലെ നിലവിലില്ലാത്ത അവസ്ഥയാണ്.

ലൈബ്രറി ഫർണീച്ചറുകൾ, ഷെൽഫുകൾ, ലൈബ്രറി റാക്കുകൾ, CD's കമ്പ്യൂട്ടർ, പുസ്തകങ്ങൾ, റീഡിംഗ് റൂം, റഫറൻ സെക്ഷൻ എന്നിവയ്ക്കാവശ്യമായ (ബഞ്ച് - 8, ഡസ്ക് - 8) x 2 എന്നിവ അത്യാവശ്യമാണ്.

*2. ക്ലാസ് മുറികളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റേഡിയോ സിസ്റ്റം*

മോർണിംഗ് പ്രയർ, അസംബ്ലിയില്ലാത്ത ദിവസങ്ങളിലെ അറിയിപ്പുകൾ എന്നിവ എല്ലാ കുട്ടികൾക്കും പ്രത്യേകിച്ച് ഓഫീസ് റൂമിൽ നിന്നും ദൂരെ സ്ഥിതി ചെയ്യുന്ന ക്ലാസുകളിലെ കുട്ടികൾക്ക് കേൾക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു

അറിയിപ്പുകൾ ക്ലാസ് മുറികളിൽ കേൾക്കാൻ കഴിയാത്ത സാഹചര്യം ഉണ്ട്. അതിനാൽ എല്ലാ ക്ലാസുകളെയും തമ്മിൽ ബന്ധിപ്പിച്ച് സ്പീക്കർ സിസ്റ്റം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

### *3. വേസ്റ്റ് മാനേജ്മെന്റ് സംവിധാനം*

LP, UP, Pre-Primary വിഭാഗത്തിലെ ഏകദേശം 1386 കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിൽ ശരിയായ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം നിലവിലില്ല. ഇത്രയും കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റുകൾ Pit കളിലും പ്രത്യേകം തയ്യാറാക്കിയ വേസ്റ്റ് ബോക്സുകളിലും നിക്ഷേപിക്കുന്നു. ഇവയിൽ ജൈവഅവശിഷ്ടം ധാരാളം ഉള്ളതിനാൽ ഇത് കത്തിച്ചു കളയുന്നതിന് പ്രയാസം നേരിടുന്നു. കാക്കയും പട്ടിയുമൊക്കെ എടുത്ത് അവിടവിടെ കൊണ്ടുപോയിട്ട് പ്രശ്നങ്ങൾക്ക് ഉണ്ടാകാതിരിക്കാൻ ജൈവാവിശിഷ്ടങ്ങളെ ശരിയായി സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ് ആവശ്യമായിട്ടുണ്ട്. അതിലെ ഇന്ധനം ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി ഉപയോഗിക്കുകയും ചെയ്യാം.

ബയോഗ്യാസ് പ്ലാന്റ് –1, ആവശ്യം വേണ്ടതാണ്.

### *4. മഴവെള്ളസംഭരണി നിർമ്മാണം*

ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്താൽ സ്കൂൾ നിൽക്കുന്ന കോമ്പൗണ്ട് കായലോര പ്രദേശത്തായതിനാൽ വെള്ളം മുഴുവൻ മണൽ ഊറ്റിയെടുക്കുന്നു. അതിനാൽ വെള്ളം തങ്ങി നിൽക്കുന്ന അവസ്ഥ സ്കൂൾ കോമ്പൗണ്ടിൽ ഉണ്ടാകുന്നില്ല. ആയതിനാൽ വേനൽക്കാലത്ത് ജലക്ഷാമം നേരിടുന്നു. ഈ ഒഴുകിപ്പോകുന്ന വെള്ളത്തിനെ മേൽക്കൂരയിൽ നിന്നുള്ള ജലം ശേഖരിക്കത്തക്ക വിധത്തിൽ മഴവെള്ള സംഭരണി സ്ഥാപിക്കുകയാണെങ്കിൽ നമുക്ക് സ്കൂൾ ആവശ്യത്തിനും പച്ചക്കറിത്തോട്ട നിർമ്മാണത്തിനുമായി ഉപയോഗിക്കാം.

മഴവെള്ള സംഭരണി – 1

*3. വേസ്റ്റ് മാനേജ്മെന്റ് സംവിധാനം*

LP, UP, Pre-Primary വിഭാഗത്തിലെ ഏകദേശം 1386 കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിൽ ശരിയായ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം നിലവിലില്ല. ഇത്രയും കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റുകൾ Pit കളിലും പ്രത്യേകം തയ്യാറാക്കിയ വേസ്റ്റ് ബോക്സുകളിലും നിക്ഷേപിക്കുന്നു. ഇവയിൽ ജൈവഅവശിഷ്ടം ധാരാളം ഉള്ളതിനാൽ ഇത് കത്തിച്ചു കളയുന്നതിന് പ്രയാസം നേരിടുന്നു. കാക്കയും പട്ടിയുമൊക്കെ എടുത്ത് അവിടവിടെ കൊണ്ടുചെന്നിട്ട് പ്രശ്നങ്ങൾക്ക് ഉണ്ടാകാതിരിക്കാൻ ജൈവാവിശിഷ്ടങ്ങളെ ശരിയായി സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ് ആവശ്യമായിട്ടുണ്ട്. അതിലെ ഇന്ധനം ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി ഉപയോഗിക്കുകയും ചെയ്യാം.

ബയോഗ്യാസ് പ്ലാന്റ് –1, ആവശ്യം വേണ്ടതാണ്.

*4. മഴവെള്ളസംഭരണി നിർമ്മാണം*

ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്താൽ സ്കൂൾ നിൽക്കുന്ന കോമ്പൗണ്ട് കായലോര പ്രദേശത്തായതിനാൽ വെള്ളം മുഴുവൻ മണൽ ഊറ്റിയെടുക്കുന്നു. അതിനാൽ വെള്ളം തങ്ങി നിൽക്കുന്ന അവസ്ഥ സ്കൂൾ കോമ്പൗണ്ടിൽ ഉണ്ടാകുന്നില്ല. ആയതിനാൽ വേനൽക്കാലത്ത് ജലക്ഷാമം നേരിടുന്നു. ഈ ഒഴുകിപ്പോകുന്ന വെള്ളത്തിനെ മേൽക്കൂരയിൽ നിന്നുള്ള ജലം ശേഖരിക്കത്തക്ക വിധത്തിൽ മഴവെള്ള സംഭരണി സ്ഥാപിക്കുകയാണെങ്കിൽ നമുക്ക് സ്കൂൾ ആവശ്യത്തിനും പച്ചക്കറിത്തോട്ട നിർമ്മാണത്തിനുമായി ഉപയോഗിക്കാം.

മഴവെള്ള സംഭരണി – 1

*5. IED കുട്ടികൾക്കായുള്ള വികസന പദ്ധതികൾ*

എല്ലാ വർഷവും ഭിന്ന നിലവാരശേഷിക്കാരായ കുട്ടികൾ നമ്മുടെ വിദ്യാലയത്തിൽ വരാറുണ്ട്. അവർക്ക് വ്യക്തിഗത പഠനത്തിനായി പ്രത്യേകം കമ്പ്യൂട്ടറുകൾ വേണ്ടതാണ്.

ബോധവൽക്കരണ ക്ലാസ് (അധ്യാപകർ, രക്ഷിതാക്കൾ), IED കുട്ടികൾ ഉൾപ്പെട്ട ക്ലാസിലെ മറ്റു കുട്ടികൾക്ക് ബോധവൽകരണ ക്ലാസ്, സന്നദ്ധ സംഘടനകളുടെ മറ്റു സേവനങ്ങൾക്കായി വിദ്യാലയ വികസന സമിതിയുടെ ഇടപെടൽ എന്നിവ ഉണ്ടാകണം. റിസോഴ്സ് ടീച്ചറുടെ സേവനം സ്ഥിരമായി ലഭിക്കുന്ന അവസ്ഥ ഉണ്ടാകണം.

*6. പെൺകുട്ടികളുടെ ജീവിത നൈപുണി വളർത്തിയെടുക്കുന്ന സാഹചര്യങ്ങളുടെ അഭാവം*

LP, UP വിഭാഗത്തിൽ 50% പെൺകുട്ടികളാണുള്ളത്. പെൺകുട്ടികൾ സമൂഹത്തിൽ അവസര തുല്യത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും അവരോടുള്ള കാഴ്ചപ്പാടിൽ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഹെൽപ്പ് ഡസ്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. സമൂഹത്തിലെ പ്രശ്നങ്ങളോട് മല്ലിട്ട് ജീവിതം വിജയം കൈവരിച്ച സ്ത്രീനേതാക്കളുടെ ഗസ്റ്റ് ക്ലാസുകൾ സംഘടിപ്പിക്കണം.

പെൺകുട്ടികൾക്കായി സഹവാസ ക്യാമ്പുകൾ, ശുചിത്വബോധത്തെക്കുറിച്ച് വിദഗ്ധ ക്ലാസുകൾ, കരാട്ടേ, കളരി, യോഗ തുടങ്ങിയവയുടെ പരിശീലനം, പെൺകുട്ടികളുടെ മാതാപിതാക്കൾക്കായുള്ള ബോധവൽക്കരണ ക്ലാസുകൾ, വ്യക്തിഗത പിന്തുണ എന്നിവ നൽകുന്നു.

***7. അക്ഷരം അറിയാത്ത കുട്ടികൾക്ക് അക്ഷരം പഠിപ്പിക്കുന്ന അക്ഷരച്ചെരാത് പദ്ധതി***

സ്കൂൾ വർഷം ആരംഭിക്കുമ്പോൾ തന്നെ 3 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികളെ ഭാഷാധ്യാപകൻ (മലയാളം) വായിക്കാനും എഴുതാനും അറിയാത്തവരെ തരംതിരിച്ച് ഗ്രൂപ്പുകളാക്കുന്നു. പ്രത്യേകം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഓരോ പ്രവർത്തനങ്ങൾ നൽകി മൂല്യനിർണ്ണയം നടത്തി രേഖപ്പെടുത്തുന്നു. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. മികച്ച നിലവാരം കാഴ്ച വെയ്ക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നു. പലപ്പോഴും പലകാരണങ്ങൾ കൊണ്ട് ഹാജരാകാത്ത കുട്ടികളാണ് ഈ രംഗത്ത് പിന്നിലാകുന്നത്. അവർ ക്ലാസിൽ ഹാജരാകുന്നതിനു വേണ്ടി അധ്യാപകർ നേരിട്ടുള്ള ഗൃഹസന്ദർശനം, കൗൺസിലിംഗ് എന്നിങ്ങനെ പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

മറ്റ് പി.ടി.എ അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി ഈ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകണം. ഇവർക്ക് ആവശ്യമായ പഠനോപകരണങ്ങൾ, മറ്റ് ചെലവുകൾ എന്നിവ വികസന സമിതിയുടെ സഹായത്താൽ കണ്ടെത്തുക.

***8. അടിസ്ഥാനശേഷി വികസന പരിപാടി – ഗണിതം ലളിതം***

ഗണിത വിഷയത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അനായാസം ഗണിത, വിഷയങ്ങൾ നിർധാരണം ചെയ്യുന്നതിനെ പ്രാപ്തരാക്കുന്ന പദ്ധതിയാണ് ഗണിതം ലളിതം. 30 കുട്ടികളെയാണ് പ്രീ-ടെസ്റ്റ് നടത്തി തെരഞ്ഞെടുത്തത്. ഇവർക്കാവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു.

30 കുട്ടികൾക്ക് പഠനോപകരണങ്ങൾ, റിഫ്രഷ്മെന്റ് മൊഡ്യൂൾ തയ്യാറാക്കി നൽകുന്നതിനാവശ്യമായ മെറ്റീരിയൽസ് എന്നിവ ആവശ്യമാണ്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26 അധ്യയന വർഷത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചിലവ് | നടപ്പിലാക്കേണ്ട ഏജൻസികൾ |
|---|---|---|---|---|
| 1. | 2025-26 | • ഹൈടെക് ക്ലാസ്മുറികൾ | 2500000/- | എം. പി. ഫണ്ട് |
| 2. | 2025-26 | • ലൈബ്രറി നവീകരണം | 500000/- | പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ |
| 3. | 2025-26 | • സയൻസ് ലാബ് നവീകരണം | 1000000/- | എം.എൽ.എ. ഫണ്ട് |
| 4. | 2025-26 | • കമ്പ്യൂട്ടർ ലാബ് നവീകരണം | 1000000/- | എം.എൽ.എ. ഫണ്ട് |
| 5. | 2025-26 | • അക്കാദമിക പ്രവർത്തനങ്ങൾ (വർക്ക്ഷീറ്റുകൾ, പഠനോപകരണങ്ങൾ റിഫ്രഷ്മെന്റ്) | 50000/- | പി.ടി.എ |
| 6. | 2025-26 | • സ്കൗട്ട് & ഗൈഡ് | 25000/- | വിദ്യാലയ വികസന സമിതി, പി.ടി.എ |
| 7. | 2025-26 | • ജൈവ വൈവിധ്യ ഉദ്യാനപരിപാലനം | 200000/- | വിദ്യാലയ വികസന സമിതി |
| 8. | 2025-26 | • സാമൂഹ്യ ശാസ്ത്ര മ്യൂസിയം സ്ഥാപിക്കൽ | 500000/- | അഭ്യുദയകാംക്ഷികൾ |
| 9. | 2025-26 | • ഗണിത ലാബ് നവീകരണം | 250000/- | എം.എൽ.എ. ഫണ്ട് |
| 10. | 2025-26 | • പ്രീ-പ്രൈമറി വിദ്യാഭ്യാസം ആകർഷകമാക്കൽ (അധിക ചെലവ് വർണ്ണക്കൂടാരം) | 500000/- | എം.എൽ.എ. ഫണ്ട് |
| 11. | 2025-26 | • ഭാഷാ ലാബ് | 60000/- | എം.പി. ഫണ്ട് |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധന വിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1. | സ്കൂളിന്റെ മികവുകൾ പൊതുസമൂഹത്തിൽ എത്തിക്കുക | • സ്കൂൾ പത്രം – രചനാത്മക ശേഷി വികസിപ്പിക്കാനുതകുന്നതരത്തിൽ ഒരു ടേമിലൊരു പത്രം-പ്രസിദ്ധീകരിക്കൽ | അധ്യാപകർ | • ജൂൺ – ആഗസ്റ്റ്<br>• സെപ്റ്റംബർ – നവംബർ<br>• ഡിസംബർ –ഫെബ്രുവരി | പി.ടി.എ | |
| 2. | | • ഗവേഷണാത്മക പ്രവർത്തനങ്ങൾ- വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി പ്രോജക്ടുകൾ നൽകൽ | അധ്യാപകർ | ജൂൺ – ഫെബ്രുവരി | പി.ടി.എ | |
| 3. | | • ലഹരിക്കെതിരെ ബോധവത്കരണ സെമിനാർ കർമ്മ പരിപാടികൾ | അധ്യാപകർ | ഒക്ടോബർ – 2<br>നവംബർ – 1 | പി.ടി.എ | |
| 4. | | • അക്ഷര ദീപം, എഴുത്തിലും വായനയിലും പിന്തുണ നൽകുന്ന പദ്ധതി | അധ്യാപകർ | ജൂൺ – സെപ്റ്റംബർ | പി.ടി.എ | |
| 5. | സ്കൂൾ സുരക്ഷ | • സുരക്ഷാ ബോധവത്കരണ പദ്ധതികൾ | അധ്യാപകർ | ജൂൺ | പി.ടി.എ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | സ്കൂൾ പത്രം - രചനാത്മകശേഷി വികസിപ്പിക്കാനുതകുന്ന തരത്തിൽ ഒരു ടേമിലൊരു പത്രം പരിപാടി നടപ്പാക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ഗവേഷണാത്മക പ്രവർത്തനങ്ങൾ. വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി പ്രോജക്ടുകൾ നൽകൽ. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| ഭാഷ (മലയാളം) | മലയാള ഭാഷയിൽ കുട്ടികളിൽ കാണുന്ന വൈഭവങ്ങളുടെ പൂർണ്ണത കൈവരിക്കൽ | മാതൃഭാഷയെ സർഗാത്മക ശേഷികളുടെ വികാസത്തിന് ഉതകുന്ന തരത്തിൽ വായനാക്കൂട്ടങ്ങൾ രൂപീകരിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | കുട്ടിയുടെ മികവിന്റെ സമസ്ത മേഖലകളുടെയും വികാസത്തിനുതകുന്ന തരത്തിൽ കുട്ടികൾ തയ്യാറാക്കുന്ന പതിപ്പുകൾ വായനാസാമഗ്രിയാക്കുക | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | സാഹിത്യചർച്ചകൾ സംഘടിപ്പിക്കുക | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | വായനാക്കുറിപ്പുകൾ തയ്യാറാക്കലും അവതരണവും | അധ്യാപകർ | ഹ്രസ്വകാലം | കുട്ടികൾ | |
| | | സാഹിത്യ ശില്പശാലകൾ സംഘടിപ്പിക്കുക. | എസ്.ആർ.ജി | ഹ്രസ്വകാലം | പി.ടി.എ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | ചരിത്ര സ്മാരകങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ (25000) | |
| | | ചരിത്ര സംഭവങ്ങളുടെ നാടകീകരണം | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ (10000) | |
| | | പ്രസംഗം മാതൃകകൾ കേൾക്കൽ മത്സരം | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ഇന്ത്യ കേരളം വേൾഡ് രൂപടം ചുമരിൽ രൂപപ്പെടുത്തൽ | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ (2000) | |
| | | ചരിത്ര മ്യൂസിയം നിർമ്മിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പൂർവ്വ വിദ്യാർത്ഥികൾ (50000) | |
| | | പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും | അധ്യാപകർ | ഹ്രസ്വകാലം | SSA ഫണ്ട് (25000) | |
| കല | സംഗീതം, നൃത്തം, ഉപകരണ സംഗീതം, നാടൻ കലാരൂപങ്ങൾ എന്നിവയിൽ | അനുഷ്ഠാന കലാരൂപങ്ങളിലും ഉപകരണ സംഗീതത്തിലും സമർത്ഥരായ വ്യക്തികൾ (പ്രാദേശിക വിഭവങ്ങൾ) ഉൾപ്പെടുത്തി പ്രത്യേക പരിശീലനം നൽകൽ | സംഗീത അധ്യാപകർ | ഹ്രസ്വകാലം | പൂർവ്വ വിദ്യാർത്ഥികൾ (50000) | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ഗണിതം | ഗണിതത്തിൽ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക | ഗണിത ക്ലബ്ബ് രൂപീകരിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ഗണിത പുസ്തകങ്ങൾ വായിക്കാനവസരം ഒരുക്കൽ | അധ്യാപകർ | ദീർഘകാലം | പിടിഎ | |
| | | ഗണിതക്വിസ് സംഘടിപ്പിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | 1 മുതൽ 7 വരെ ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ഗണിത ഉപകരണങ്ങൾ നിർമ്മാണത്തിന് പരിശീലനം നൽകുന്നു. (ഉദാ: അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ) | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ 3500 | |
| | | ജ്യാമിതീയ ചാർട്ട്, നമ്പർ ചാർട്ട്, ഗണിത പസിലുകൾ, ഗണിത രൂപങ്ങൾ എന്നിവ തയ്യാറാക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ(2000) | |
| | | ഗണിത മാഗസിൻ തയ്യാറാക്കലും വിവിധ മത്സരങ്ങളിൽ പങ്കെടുക്കലും | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ(3000) | |
| | | വിവിധ മത്സരപരീക്ഷകൾക്കായി പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ഗണിത സമിതിയുടെ മത്സരങ്ങളിൽ നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കലും അവതരണവും | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ഇംഗ്ലീഷ് ഭാഷയിൽ സംവാദങ്ങൾ സൃഷ്ടിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ (2000) | |
| | | ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ക്വിസ് സംഘടിപ്പിക്കൽ (1 മുതൽ 7-ാം ക്ലാസ് വരെ) | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | സർഗ്ഗാത്മക രചനാ ശിൽപശാലകൾ സംഘടിപ്പിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ (3000) | |
| | | പുസ്തക നിരൂപണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ലൈബ്രറിയുടെ ഉപയോഗം വിപുലപ്പെടുത്തൽ | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ (25000) | |
| | | ലഘുനാടകം (സ്കിറ്റ് അവതരണം) | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | കൊറിയോഗ്രാഫി (രംഗാവിഷ്കാരം) | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ (1000) | |
| | | ഇംഗ്ലീഷ് എഴുത്തുകാരുമായി സംവദിക്കാനും അഭിമുഖം നടത്താനുമുള്ള അവസരം | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ (2000) | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | കഥ, കവിത ഇവ എഴുതുന്നു | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ഹിന്ദി പുസ്തകങ്ങൾ കണ്ടെത്തി വായിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ഹിന്ദിയിൽ ചുമർപത്രം തയ്യാറാക്കുന്നു | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ (500) | |
| | | ഹിന്ദി കഥകൾ പറയാനും കേൾക്കാനുമുള്ള അവസരം നൽകുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ദിവസവും പുതിയ 10 പദങ്ങൾ വീതം ശേഖരിച്ച് അർത്ഥം, വ്യത്യസ്ത വാക്യങ്ങൾ ഉപയോഗിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ഹിന്ദി അസംബ്ലി | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ഹിന്ദി പത്രം വായനാവിഷ്കാരം ഒരുക്കൽ | പൂർവ്വ വിദ്യാർത്ഥികൾ | ദീർഘകാലം | പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർ - 3500 | |
| അറബി | അറബി ഭാഷയിൽ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക | 1 മുതൽ 7 വരെ ക്ലാസുകളിലെ അറബി കുട്ടികളെ ഉൾപ്പെടുത്തി അറബി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | ഫാബ്രിക് പെയിന്റിംഗ് - പരിശീലനം | W.E. Teacher | ഹ്രസ്വകാലം | 5000 | |
| | | സാമ്പ്രാണിത്തിരി നിർമ്മാണം | W.E. Teacher | ഹ്രസ്വകാലം | 5000 | |
| | | ചോക്ക് നിർമ്മാണം | W.E. Teacher | ഹ്രസ്വകാലം | 5000 | |
| | | മുത്തുകൾ കൊണ്ട് ആഭരണങ്ങൾ നിർമ്മിക്കൽ തുടങ്ങിയവയിൽ മികവു പുലർത്തുന്നവർക്കായി പ്രത്യേക വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കൽ | W.E. Teacher | ഹ്രസ്വകാലം | 5000 | |
| ഇംഗ്ലീഷ്, മലയാളം, അറബ്, ഹിന്ദി, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഗണിതം | പഠനനേട്ടങ്ങളിൽ പൂർണ്ണത കൈവരിക്കുക. | കരിക്കുലം ലക്ഷ്യം വയ്ക്കുന്ന ഇംഗ്ലീഷ്, മാതൃഭാഷ, അറബ്, ഹിന്ദി, ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്നീ വിഷയങ്ങളിലെ എല്ലാ പഠന നേട്ടങ്ങളിലും മികവു പുലർത്തുന്ന കുട്ടികളെ അതാതു വിഷയങ്ങളിൽ ഉയർന്ന ശേഷികൾ നേടാനുതകുന്ന തരത്തിൽ ആസൂത്രണ പരിശീലനങ്ങളും നിരന്തര വിലയിരുത്തലും സംഘടിപ്പിക്കൽ | Subject Councils | ദീർഘകാലം | പിടിഎ | |
| ഭാഷ (മലയാളം) | ഭാഷ - അടിസ്ഥാന ശേഷികളിലെ പരിമിതികൾ മറികടക്കുക | പ്രീ- ടെസ്റ്റ് നടത്തുക | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | വായനാകാർഡുകൾ, വായനാ ചാർട്ട് എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെ നിർമ്മിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | എല്ലാ കുട്ടികൾക്കും എഴുത്തും വായനയും k a[ n pt Xphsc 'അക്ഷരച്ചെരാത്' പ്രവർത്തനം ആസൂത്രണം ചെയ്ത നിരന്തര പരിശീലനവും വിലയിരുത്തലുകളും | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | മലയാളത്തിളക്കം - ടാലന്റ് ലാബ് എന്നിവയിലൂടെ പഠനത്തിൽ താല്പര്യം ജനിപ്പിക്കാനുതകുന്ന ചിത്രവായനകൾ, പദങ്ങൾ, ലഘുവാക്യങ്ങൾ എന്നിവ എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നതിന് സ്മാർട്ട് ക്ലാസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തും. | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| ഗണിതം | ഗണിതത്തിലെ അടിസ്ഥാന ശേഷികളിലെ പരിമിതികൾ മറികടക്കുക. | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിൽ പരിമിതികളുള്ള കുട്ടികളെ കണ്ടെത്തി ലളിതമായ പഠന പ്രവർത്തനങ്ങളിലൂടെയും പ്രത്യേക സമയം കണ്ടെത്തി പരിശീലനം നൽകൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | സമർത്ഥരായ കുട്ടികളുടെ സഹായം ഉപയോഗിച്ചുകൊണ്ട് ഗ്രൂപ്പ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രം | സാമൂഹ്യശാസ്ത്ര പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലെ പരിമിതി മറികടക്കൽ | പഠനോപകരണങ്ങളുടെ സഹായത്തോടെ ലളിതമായി ആശയങ്ങൾ അവതരിപ്പിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | മാതൃകകൾ കാണിച്ച് പഠിപ്പിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | സോഷ്യൽസയൻസ് ക്ലബ്ബ് അംഗങ്ങളുടെ സഹായത്തോടെ സമപ്രായ പഠനഗ്രൂപ്പുകൾ രൂപീകരിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ചരിത്രമുഹൂർത്തവുമായി ബന്ധപ്പെട്ട നാടകീകരണങ്ങൾ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | സ്മാർട്ട് റൂമിന്റെ സഹായത്തോടെ ദൃശ്യാനുഭവങ്ങളിലെ ആശയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | പ്രീ- ടെസ്റ്റ് നടത്തുന്നു | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| ഇംഗ്ലീഷ് | ഇംഗ്ലീഷ് ഭാഷയിലെ പരിമിതികൾ മറികടക്കൽ | ഇംഗ്ലീഷ് ഭാഷയുടെ അടിസ്ഥാന ശേഷികളായ Listening, Speaking, Reading ൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കുട്ടികൾക്ക് പിന്തുണ നൽകുന്നു. | അധ്യാപകർ | ദീർഘകാലം | പിടിഎ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- | --- |
| | | സ്മാർട്ട് റൂമിന്റെ സഹായത്തോടെ ഹിന്ദി ഭാഷാപഠനത്തിൽ താൽപര്യം ഉണ്ടാക്കുന്നു. പവർപോയിന്റ് പ്രസന്റേഷൻ, സംഭാഷണങ്ങൾ, കാണാനും കേൾക്കാനും അവസരം ഒരുക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| അറബി | അറബി ഭാഷയിലെ അടിസ്ഥാന ആശയങ്ങളിലെ പരിമിതി മറികടക്കൽ | പ്രീ-ടെസ്റ്റ് നടത്തുന്നു | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ(2000) | |
| | | ലഘുപാഠങ്ങൾ, ലഘുവാക്യങ്ങൾ എന്നിവ മുൻകൂട്ടി എഴുതിയ കാർഡിന്റെ സഹായത്തോടെ പഠിപ്പിക്കൽ. | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ(2000) | |
| | | ലഘുകഥകൾ, സംഭാഷണങ്ങൾ, കവിതകൾ, എന്നിവ വായിക്കാനും എഴുതാനും അവസരം നൽകുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ക്ലാസ് ലൈബ്രറിയിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ പുസ്തകങ്ങൾ ലഭ്യമാക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | ഭാഷാകേളികൾ നടത്തൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | വായന, എഴുത്ത് എന്നിവയിലൂടെ പഠന താല്പര്യമുണ്ടാക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | ഈണം കണ്ടെത്തൽ<br>പ്രയോഗഭംഗി കണ്ടെത്തൽ<br>നിരൂപണം<br>ചോദ്യങ്ങൾ തയ്യാറാക്കൽ<br>ഇഷ്ടപ്പെട്ട പദങ്ങൾ കണ്ടെത്തൽ | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| | | 5-ാം തരത്തിലെ കേരളപാഠാവലിയിലെ പാത്തുമ്മയുടെ ആട്, കോയസ്സന്റെ കഥ, ആറാം തരത്തിലെ, പി. കേശവദേവിന്റെ ഓടയിൽ നിന്ന്, പാട്ടിന്റെ പാലാഴി, ബി.ഗ്രിയിലെ ജീവിതത്തിന്റെ ഒപ്പ് | അധ്യാപകർ | ഹ്രസ്വകാലം | പിടിഎ | |
| ഇംഗ്ലീഷ് | ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് സ്വതന്ത്രമായി വായിക്കാനുള്ള ശേഷി എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | Listening to teachers talk | English Teacher | ഹ്രസ്വകാലം | പിടിഎ | |
| | | Reading story books | English Teacher | ഹ്രസ്വകാലം | പിടിഎ | |
| | | English Club activities | English Teacher | ഹ്രസ്വകാലം | പിടിഎ | |
| | | Use of audio visual media | English Teacher | ഹ്രസ്വകാലം | പിടിഎ | |
| | | Role play and conversational practice | English Teacher | ഹ്രസ്വകാലം | പിടിഎ | |
| | | Conduct English assemblies | English Teacher | ഹ്രസ്വകാലം | പിടിഎ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ആരോഗ്യ - കായിക വിദ്യാഭ്യാസം | ആരോഗ്യ - കായിക മേഖലയിലെ മികച്ച പുസ്തകങ്ങൾ വായിക്കാനുള്ള ശേഷി എല്ലാ കുട്ടികളിലും വികസിപ്പിക്കുക | മികച്ച കായിക പ്രതിഭകളുടെ ജീവചരിത്രം, ആത്മകഥ തുടങ്ങിയ പുസ്തകങ്ങൾ വായനയ്ക്കായി നൽകൽ | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | കായിക ഇനങ്ങളുടെ വിവരണങ്ങൾ വായിക്കാൻ അവസരം ഒരുക്കൽ | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | സ്പോർട്സ് ക്വിസ് സംഘടിപ്പിക്കുന്നു | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ആരോഗ്യ- കായിക മേഖലയുമായി ബന്ധപ്പെട്ട ധാരാളം പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിലും സ്കൂൾ ലൈബ്രറിയിലും ലഭ്യമാക്കൽ. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | വായനാക്കുറിപ്പുകൾ തയ്യാറാക്കാനും അവ ചേർത്ത് പതിപ്പാക്കി വീണ്ടും വായനക്കായി ഉപയോഗിക്കുകയും ചെയ്യൽ | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| മാതൃഭാഷ | മാതൃഭാഷാശേഷികൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | മലയാള സാഹിത്യത്തെയും സംസ്കാരത്തെയും കുറിച്ച് അറിയുന്നതിനും സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിയും ഒഴിവുവേളകളിൽ സ്വയം പഠനത്തിന് പര്യാപ്തമാക്കി തീർക്കൽ | ഭാഷാധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | മാതൃഭാഷയുടെ മഹത്വം വർണിക്കുന്ന കവിതകളും ലേഖനങ്ങളും കണ്ടെത്തി വായിക്കാൻ അവസരം ഒരുക്കൽ | ഭാഷാധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് | ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | UST Global ന്റെ സഹായത്തോടെ ആഴ്ചയിൽ ഒരിക്കൽ കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പരിശീലനം സംഘടിപ്പിക്കുന്നു. | ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | Correct pronounciation ൽ ഇംഗ്ലീഷ് കേൾക്കാൻ അവസരം നൽകുന്നു. | ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ഇംഗ്ലീഷിൽ Story telling, speech എന്നിവയ്ക്ക് അവസരം നൽകുന്നു. | ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | Use of ICT facilities | ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | Conduct English debates and discussion | ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | Watch English films, skits etc. | ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | Gives them chances for presentation in club activities, assemblies etc. | ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | Language games. | ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | Conduct English choreography, drama etc. | ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| ഹിന്ദി | ഹിന്ദി ഭാഷയിൽ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | ഹിന്ദി വാരാചരണം ആഘോഷിക്കുന്നു | ഹിന്ദി അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ഹിന്ദിയിൽ സംസാരിക്കുവാനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരം ഒരുക്കുന്നു | ഹിന്ദി അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | ശാസ്ത്ര ലൈബ്രറി രൂപീകരിക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ശാസ്ത്ര പുസ്തകങ്ങൾ വായിക്കാൻ അവസരം ഒരുക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ക്ലാസിൽ ലാബോറട്ടറി ഒരുക്കുന്നു | അധ്യാപകർ | ഹ്രസ്വകാലം | എം.എൽ.എ ഫണ്ട് | |
| | | സ്കൂൾ ലബോറട്ടറി വിപുലീകരിക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | എം.എൽ.എ ഫണ്ട് | |
| | | ശാസ്ത്ര സെമിനാറുകൾ സംഘടിപ്പിക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ശാസ്ത്ര നാടകങ്ങൾ സംഘടിപ്പിക്കുന്നു | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെടുത്തി മൈം സംഘടിപ്പിക്കുന്നു | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| ഗണിതം | ഗണിത ശേഷികൾ എല്ലാ കുട്ടികളിലും (ഗണിത ചിന്ത, യുക്തിചിന്ത, വിശകലന ശേഷി വികസിപ്പിക്കു) | മനക്കണക്ക് നൽകുന്നു | ഗണിത അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ഗണിത കേളികൾ നടത്തുന്നു, ഗണിത പസിലുകൾ നടത്തുന്നു | ഗണിത അധ്യാപകർ | അധ്യാപകർ | പി.ടി.എ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | ചർച്ചകൾ നടത്തുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | പ്രോജക്ടുകളിൽ ഏർപ്പെടുത്തുന്നതിന് അവസരം നൽകുന്നു | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| ഗണിതം | ഗണിത ശേഷികൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | ഗണിതകേളികളിൽ ഏർപ്പെടുന്നതിന് അവസരം ഒരുക്കുന്നു | ഗണിത അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ഗ്രൂപ്പ് പ്രവർത്തനങ്ങൾ നൽകുന്നു | ഗണിത അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഗണിത ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സ്കിറ്റുകൾ, പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ഗണിത അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു | ഗണിത അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ഗണിതം പഠനോപകരണങ്ങളുടെ സഹായത്തോടെ ലളിതമായ രീതിയിൽ പഠിപ്പിക്കുന്നു. . | ഗണിത അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ശാസ്ത്രം | ശാസ്ത്ര പഠനശേഷികൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പരീക്ഷണങ്ങളിലൂടെ പഠനപ്രവർത്തനങ്ങൾ നടത്തുക. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ചുറ്റുപാടുകൾ നിരീക്ഷിക്കുന്നതിനും നിരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നതിനും അവസരം നൽകുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ICT സാധ്യത Smart class ഉപയോഗിച്ചു കൊണ്ടുള്ള ക്ലാസുകൾ നടത്തുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ശാസ്ത്രജ്ഞരുടെ കണ്ടുപിടിത്തങ്ങൾ വായിച്ചറിയാൻ ഉപകരിക്കുന്ന ശാസ്ത്ര പുസ്തകങ്ങൾ വായിക്കാൻ അവസരം ഒരുക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ശാസ്ത്ര നാടകങ്ങൾ തയ്യാറാക്കലും അഭിനയവും നടത്തുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ശാസ്ത്ര കൗതുകങ്ങൾ, ക്ലബ്ബ് ആക്ടിവിറ്റിസിൽ ഉൾപ്പെടുത്തുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| ഹിന്ദി | ഹിന്ദി പഠനശേഷി കുട്ടികളിൽ വികസിപ്പിക്കുക | ക്ലാസ് റൂമിൽ ഹിന്ദിയിൽ സംസാരിക്കുന്നു | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്ത |
|---|---|---|---|---|---|---|
| | | ലഹരി മരുന്നിന്റെയും മദ്യത്തിന്റെയും സാമൂഹ്യ തിന്മകൾക്ക് എതിരെ പ്രവർത്തിക്കാനുള്ള പോസ്റ്ററുകൾ, മുദ്രാവാക്യങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ദിനാചരണങ്ങൾ ഉചിതമായി ആചരിക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| ശാസ്ത്രം | ശാസ്ത്രപഠനത്തെ സാമൂഹ്യ മുന്നേറ്റത്തിനു പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക | സമൂഹത്തിന്റെ പുരോഗതിയിൽ ശാസ്ത്രത്തിലെ മികച്ച കണ്ടുപിടിത്തങ്ങൾ എങ്ങനെ പ്രയോജനപ്പെട്ടു എന്നറിയാനുള്ള അന്വേഷണാത്മക പ്രോജക്ടുകളിൽ ഏർപ്പെടാൻ അവസരം നൽകുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | Field trip VSSC യിലേക്ക് നടത്തുന്നു | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ശാസ്ത്രചിന്ത സമൂഹത്തിലെ അന്ധവിശ്വാസങ്ങളിൽ നിന്നും ജനങ്ങളെ എങ്ങനെയെല്ലാം മോചിപ്പിക്കുന്നു എന്നറിയാൻ ശാസ്ത്രലൈബ്രറി പുസ്തകങ്ങൾ വായിക്കാനും അതിൽ നിന്നും സന്ദേശങ്ങൾ പോസ്റ്ററുകളായും ബോധവത്ക്കരണ നോട്ടീസുകളായും നാടകമായി അഭിനയിക്കാനും അവസരം ഒരുക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ധനവിനിയോഗം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | യാത്രാവിവരണ ഗ്രന്ഥങ്ങളിൽ വിവരിക്കുന്ന സ്ഥലങ്ങൾ സ്മാർട്ട് റൂമിന്റെ സഹായം നേരിട്ട് മനസിലാക്കാൻ അവസരം സൃഷ്ടിക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | കവിതയുടെ ശരിയായ ഈണം കണ്ടെത്താൻ IT പ്രയോജനപ്പെടുത്തുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
| | | ഇന്റർനെറ്റിൽ നിന്നും വിവരങ്ങൾ സ്വയം ശേഖരിക്കാൻ പറ്റുന്ന വിധത്തിൽ IT പഠനം നൽകുന്നു. | അധ്യാപകർ | ഹ്രസ്വകാലം | പി.ടി.എ | |
